(സി) ഈ തീരുമാനത്തിനെതിരെ മത്സ്യത്തൊഴിലാളികളുടെ വ്യാപകമായ പ്രതിഷേധം ഉയർന്നുവന്നിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നിലവിൽ മത്സ്യബന്ധനം നടത്തിക്കൊണ്ടിരിക്കുന്നവയിൽ 6 വർഷം പിന്നിട്ട ഔട്ട്ബോർഡ് എഞ്ചിനുകൾ എത്രയാണെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ;

(ഇ) ഇപ്പോൾ ഔട്ട് ബോർഡ് എഞ്ചിനുകൾ വിതരണം ചെയ്യുന്നത് സ്വകാര്യ വ്യക്തികളാണോ; മത്സ്യഫെഡിന്റെ എഞ്ചിൻ വിതരണ ചുമതല എടുത്തുകളഞ്ഞത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) തീരുമാനിച്ചിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) അതെ. മത്സ്യഫെഡിന്റെ എഞ്ചിൻ വിതരണ ചുമതല എടുത്തുകളഞ്ഞിട്ടില്ല. മത്സ്യഫെഡ് വഴി എഞ്ചിൻ ഇറക്കുമതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തോട്ട പൊട്ടിച്ച് മീൻപിടിക്കുന്നവർക്കെതിരെ നടപടി

64 [947] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
,, വി. ഡി. സതീശൻ:
,, ബി. വിജയകുമാർ:
,, കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരക്കടലിൽ തോട്ടയിട്ട് മീൻ പിടിക്കുന്നത് അനുവദനീയമാണോ;

(ബി) അല്ലാത്തപക്ഷം കടലിൽ തോട്ട പൊട്ടിച്ച് മീൻ പിടിക്കുന്നവരുടെ മേൽ എന്ത് നടപടിയാണെടുക്കുന്നത്;

(സി) ഇക്കഴിഞ്ഞ ആറുമാസത്തിനുള്ളിൽ കടലിൽ തോട്ട പൊട്ടിച്ച് മീൻപിടിച്ച എത്ര സംഭവങ്ങൾ സംസ്ഥാനത്തിന്റെ തീരക്കടലിലുണ്ടായിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1978-ലെ എക്സ്പ്ലോസീവ്സ് അമന്റ്മെന്റ് ആക്ട് പ്രകാരം നിയമ നടപടി സ്വീകരിക്കുന്നുണ്ട്.

(സി) മൂന്ന് സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മൂന്ന് കേസ്സുകളും രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചുവരുന്നു.

ആഴക്കടൽ മത്സ്യബന്ധനത്തിന് വിദേശ ട്രോളറുകൾക്ക് അനുമതി

65 [948] ശ്രീ. സി. മമ്മൂട്ടി:
„ വി. കെ. ഇബ്രാഹിംകുഞ്ഞ്:
„ ഇ. ടി. മുഹമ്മദ് ബഷീർ:
„ സി. മോയിൻകുട്ടി:
„ ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഴക്കടൽ മത്സ്യബന്ധനത്തിന് വിദേശ ട്രോളറുകൾക്ക് അനുമതി നൽകുന്ന കാര്യം സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ;

(ബി) ഇപ്രകാരം അനുമതി നൽകുന്നതിനോടുള്ള സംസ്ഥാന ഗവൺമെന്റിന്റെ എതിർപ്പ് കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ മത്സ്യബന്ധനത്തിനെ സാരമായി ബാധിക്കുന്നതും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ദ്രോഹകരമായി തീരാവുന്നതുമായ ഇക്കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) പ്രസക്തമല്ല.

മത്സ്യഫെഡ് വാങ്ങിയ സുസുക്കി എഞ്ചിനുകൾ

66 [951] ശ്രീ. കെ. സി. ജോസഫ്:
„ അടൂർ പ്രകാശ്:
„ എൻ. ഡി. അപ്പച്ചൻ:
„ ടി. യു. രാധാകൃഷ്ണൻ:
„ വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly